നം. 18606/എസ്റ്റാ.ബി3/13/സിആർഡി

ഗ്രാമവികസന കമ്മീഷണറേറ്റ്
എൽ.എം.എസ് കോമ്പൗണ്ട്,
തിരുവനന്തപുരം,
തീയതി: 05.11.2013.

## സർക്കുലർ

വിഷയം :- ഗ്രാമവികസന വകുപ്പ് - ജീവനക്കാര്യം - 27 വർഷത്തെ സമയ ബന്ധിത ഹയർ ഗ്രേഡ്-നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്.

സൂചന:- ജി.ഒ. (പി.)നം.24/2013/(126)ഫിൻ. തീയതി. 10.01.2013.

******

ഗ്രാമവികസന വകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ആഫീസർമാരുടെ 9,940-16,580 എന്ന ശമ്പള സ്കെയിൽ 10,480-18,300 ശമ്പള സ്കെയിലിലേക്ക് 01.07.2009 മുതൽ പുനഃക്രമീകരിച്ച് സൂചന പ്രകാരം ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. ജി.ഒ.(പി)നം.85/11 തീയതി: 26.02.2011 പ്രകാരം 8,500-13,210 മുതൽ 9,940-16,580 ശമ്പള സ്കെയിലിനിടയിൽ വരുന്ന തസ്തികയിലുള്ളവർക്ക് മാത്രമേ 4-ാം സമയ ബന്ധിത ഹയർ ഗ്രേഡിന് അർഹതയുണ്ടാകുകയുള്ളൂ. മേൽ സാഹചര്യത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-II തസ്തികയുടെ ശമ്പള സ്കെയിൽ 10,480-18,300 ആയതിനാൽ എൻട്രി കേഡർ തസ്തികയിൽ 27 വർഷത്തെ സേവനം പൂർത്തിയാക്കിയാലും 4-ാം സമയ ബന്ധിത ഹയർ ഗ്രേഡിന് അർഹതയില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത പ്രൊപ്പോസലുകൾ ഗ്രാമവികസന കമ്മീഷണറേറ്റിലേയ്ക്ക് അയയ്ക്കേണ്ടതില്ലായെന്നുള്ള വിവരം കർശനമായി പാലിക്കപ്പെടണമെന്ന് ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥർക്ക് ഇതിനാൽ നിർദ്ദേശം നൽകുന്നു. മാത്രവുമല്ല, പ്രസ്തുത ഉത്തരവിനുശേഷം തെറ്റായ കാരണത്താൽ 27 വർഷത്തെ ഹയർ ഗ്രേഡ് അനുവദിച്ചിട്ടുണ്ടെങ്കിൽ, അതു സംബന്ധിച്ച വിവരങ്ങൾ അടിയന്തരമായി ഈ ഓഫീസിലേയ്ക്ക് അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ആർ.രാജഗോപാൽ
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ഗ്രാമവികസന കമ്മീഷണർക്കുവേണ്ടി

അംഗീകാരത്തോടെ,

ജൂനിയർ സൂപ്രണ്ട്.

ജെ.കെ./11.11